

ജൂലൈ 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

കോവിഡ് രണ്ടാം തരംഗത്തിന്റെ തീവ്രവ്യാപനമാണല്ലോ കഴിഞ്ഞ രണ്ടു മാസങ്ങളായി നാം അനുഭവിക്കുന്നത്. അതിവേഗത്തിൽ വ്യാപിക്കുന്ന ഘടനാവ്യതിയാനം സംഭവിച്ച വൈറസും വാക്സിന്റ ലഭ്യതക്കുറവും ജനജീവിതം ഏറെ ദുഷ്കരമാക്കി. കേരളത്തിൽ ഒന്നര മാസത്തോളം നീണ്ടുനിന്ന ലോക്ക്ഡൗണിന്റെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ ഏറെ ഗൗരുതരമാണ്. ലോക്ക്ഡൗൺ അനിവാര്യമാണെന്നതിൽ നമുക്ക് സംശയമില്ല. എന്നാൽ പല ആഴ്ചകളോളം നീണ്ടുനിന്ന പൊതു അടച്ചുപൂട്ടൽ മൂലം ഒരു വലിയ സമൂഹം ജനങ്ങളുടെ ഉപജീവന മാർഗ്ഗമാണ് അടഞ്ഞത്. ഇവരോട് സഭയ്ക്കൊരു കടപ്പാടുണ്ട്.

ഈ സാഹചര്യം മനസ്സിലാക്കി പ്രാദേശിക ഇടവകകളും ഭദ്രാസനങ്ങളും ഉണർന്ന് പ്രവർത്തിക്കുന്നു എന്നത് ശ്ലാഘനീയമാണ്. ആഹാര സാധനങ്ങളോടൊപ്പം ഓക്സീമീറ്റർ, തെർമ്മോമീറ്റർ, വേപ്പൊറൈസർ ആദിയായവയും ഡോക്ടറുമാരുടെ ഉപദേശപ്രകാരം മരുന്നും ഭവനങ്ങളിലെത്തിച്ചുകൊടുക്കുവാൻ ശ്രമിക്കുന്നു. കോവിഡ് ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരുന്ന ആളുകൾക്ക് ആംബുലൻസ് സൗകര്യവും പി. പി. ഇ കിറ്റ് ധരിച്ച് പരിചരണങ്ങളും സന്നദ്ധസംഘങ്ങൾ രൂപീകരിച്ച് നല്കുന്നുണ്ട്. കോവിഡ് ബാധിച്ച് മരണമടയുന്നവരെ ദഹിപ്പിക്കുന്നതിനോ അടക്കുന്നതിനോ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുന്നതിൽ യുവജനസഖ്യം കർമ്മനിരതരാണ്. കേന്ദ്രയുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മൊബൈൽ ക്രിമറ്റോറിയം ക്രമീകരിച്ചിട്ടുണ്ടെന്നുള്ളത് സൗകര്യപ്രദവും ചൂഷണവിധേയമാകുവാൻ ഇടയാകുന്ന സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് സഹായകരവുമായിത്തീർന്നു. കോവിഡ് ബാധിതമായ ഭവനങ്ങളും സ്ഥാപനങ്ങളും ഫ്യൂമിഗേറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണം ചെങ്ങന്നൂർ ഭദ്രാസനവും മറ്റും നിർവ്വഹിക്കുന്നുവെന്നത് തികച്ചും അഭിനന്ദനാർഹമാണ്. ലോക്ക് ഡൗൺ പിൻവലിച്ച് ദൈവാലയങ്ങൾ തുറക്കുന്നതിന് നിയന്ത്രണങ്ങളോടെ അനുവദിച്ചിട്ടുണ്ടെങ്കിലും ആരാധനകളും മറ്റ് കൂട്ടായ്മകളും വെർച്ചൽ മാധ്യമങ്ങളിലൂടെ നടത്തുവാൻ ഇടവകകളായി തുടർന്നും ക്രമീകരണം ചെയ്യണം. ഓൺലൈൻ സംപ്രേക്ഷണത്തിൽ ഡി.എസ്സ്.എം.സി. യുടെ നേതൃത്വം ശ്ലാഘനീയമാണ്. ലോക്ക്ഡൗൺ മുഖാന്തിരമായി പ്രാദേശിക ഇടവകകൾ ഈ സാമ്പത്തിക വർഷം പല ആഴ്ചകളും അടഞ്ഞ് കിടക്കുകയായിരുന്നു. ഇടവകകൾക്ക് സാമ്പത്തിക പരിരക്ഷ നല്കുന്നതിൽ ഇടവകാംഗങ്ങൾ ശ്രദ്ധിക്കണം. ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ആരാധനകളിൽ സംബന്ധിക്കുമ്പോഴും സ്തോത്രകാഴ്ചകളും പ്രത്യേക സംഭാവനകളും ഇടവക ട്രസ്റ്റിൽ അടയ്ക്കുന്നതിന് ശ്രദ്ധിക്കണം. നമ്മുടെ പൊതു സ്ഥാപനകൾക്കുള്ള വരുമാനം കുറയുമ്പോൾ അവയുടെ പ്രവർത്തനങ്ങൾ സജീവമായും ഫലപ്രദമായും മുന്നോട്ട് കൊണ്ടുപോകുവാൻ പ്രയാസം നേരിടും. ഇത് സംഭവിക്കാതിരിക്കുവാൻ ഏവരുടെയും സഹകരണം അത്യന്താപേക്ഷിതമാണ്.

രണ്ടാം തരംഗത്തിന്റെ ലോക്ക്ഡൗൺമൂലം വിവിധ രാജ്യങ്ങളിലേക്ക് പട്ടക്കാർക്ക് വിസ ലഭിക്കുന്നതിന് തടസ്സം നേരിട്ടു. യാത്രാസൗകര്യങ്ങൾ ക്രമപ്പെടുകയും, വിസ ലഭിച്ച് പട്ടക്കാർ നിയോഗിക്കപ്പെട്ടിരിക്കുന്ന ഇടവകകളിൽ ചെന്ന് ചേരുവാൻ എത്രയും വേഗം സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അവർ എത്തിച്ചേരുന്നതുവരെ ഇടവകകൾ സാഹചര്യം മനസ്സിലാക്കുകയും താല്ക്കാലിക ക്രമീകരണങ്ങൾ ഭദ്രാസന എപ്പിസ്ക്കോപ്പാമാരുടെ സഹായത്തോടെ ചെയ്യുകയും വേണം.

സഭയുടെ പ്രദേശിക സാക്ഷ്യങ്ങളുടെ നേതൃത്വം ഏറ്റെടുക്കേണ്ട വൈദീക സമൂഹം ഏറെ വിമർശനങ്ങൾ നേരിടുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ സഭ

യിൽ അടുത്തകാലത്ത് പട്ടക്കാരുടെമേൽ ചില ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ആകെയുള്ള ഏകദേശം 1220 പട്ടക്കാരുടെ ഇടയിൽ ഏതാനും പട്ടക്കാരുടെ വീഴ്ചകൾ എല്ലാവരുടേതുമായി കരുതുന്നത് ശരിയല്ല. കഴിഞ്ഞ 6 മാസത്തിനുള്ളിൽ മൂന്ന് പട്ടക്കാരെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യേണ്ടി വന്നതും, തുടർന്ന് ഔദ്യോഗിക ചുമതലകളിൽ നിന്നും മാറ്റി നിർത്തുവാൻ ഇടയായതും. സാമ്പത്തിക ക്രമക്കേടുകൾ, പെരുമാറ്റ ദൂഷ്യങ്ങൾ, അരുതാത്ത വാക്കുകളുടെ പ്രയോഗം ആദിയായവയാണ് പരിഗണിക്കേണ്ടിവന്ന വിഷയങ്ങൾ. ക്രിസ്തീയ സാക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്ന് ബോധ്യമാകുന്ന വൈദീക സ്ഥാനികളെ മാതൃകാപരമായി ശിക്ഷണ നടപടികൾക്ക് വിധേയമാക്കുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഒരിക്കലും മാറിനിൽക്കില്ല. ശരിയായ അന്വേഷണം കൂടാതെ ശിക്ഷിക്കുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതുമല്ല. ഇതിന് കാലതാമസമുണ്ടാകുമ്പോൾ സോഷ്യൽ മീഡിയായിലൂടെ ഊഹാപോഹങ്ങളും അപൂർണ്ണമായ വാർത്തകളും ലോകമൊക്കെയും പ്രചരിപ്പിക്കുന്നതും വായിക്കുന്നതും മറ്റുള്ളവർക്ക് അയച്ച് കൊടുക്കുന്നതും ശരിയായ നീക്കമല്ല. ശിക്ഷണ നടപടികൾ കഴിവതും ഒരു വീണ്ടെടുപ്പിനുള്ള മുഖാന്തിരവുമാകണം. അതിനുള്ള അവസരങ്ങൾ നല്കുവാനുള്ള ഭരണഘടനാ ബാധ്യതകളോടൊപ്പം ധാർമ്മിക ബാധ്യതയും നമുക്കുണ്ടല്ലോ. വിമർശിക്കുവാനും തിരുത്തുവാനും തക്കതായ ജനാധിപത്യ സംവിധാനങ്ങൾ ഉള്ള നമ്മുടെ സഭയിൽ അത്തരം ക്രമീകരണങ്ങളെ ഉപയോഗിക്കണം. അല്ലാതെ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കുന്നത് ശരിയല്ല. നിയോഗിതരുടെ ജീവിതം മാതൃകാപരവും ശിക്ഷണമുള്ളതും സാക്ഷ്യമുള്ളതും ആയിരിക്കണം. സാമ്പത്തിക കാര്യങ്ങളിലുള്ള മിതത്വവും കാര്യവിചാരകത്വവും നിർവ്വഹിക്കുവാൻ ആത്മായ, പട്ടത്വ, മേല്പട്ടത്വ സ്ഥാനീയർക്കെല്ലാം ഇടയാകണം. നിയോഗങ്ങളെ മറന്നുപോകുന്നതോ ലാഘവത്തോടെ കാണുന്നതോ നല്ലതല്ല എന്നതും നാം ഓർക്കണം. എല്ലാ സഭാ വിഭാഗങ്ങളിലും ന്യൂനതകളുണ്ടാകുന്നുണ്ട്. എന്നാൽ അതല്ല ഉയർത്തിക്കാട്ടേണ്ടത്. നല്ലതു ചിന്തിക്കുകയും നല്ലതു പ്രവർത്തിക്കുകയും വേണം. നന്മ ചെയ്യുവാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കണം.

ഇതിനോടകമായി സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഭദ്രാസന അസംബ്ലിയോഗങ്ങൾ നേരിട്ടുസന്നിഹിതരാകത്തക്കവിധവും അത് സാധ്യമാകാത്ത ഇടങ്ങളിൽ ഓൺലൈൻ മാധ്യമങ്ങളിലൂടെയും നടത്തുവാൻ ഇടയായിട്ടുണ്ട്. എല്ലാ സംഘടനകളും സ്ഥാപനകളും വാർഷിക മീറ്റിംഗുകൾ ഇതുപോലെ ക്രമീകരിച്ച് നടത്തണം. 2019-20, 2020-21 എന്നീ രണ്ട് വർഷങ്ങളിലെ റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ തയ്യാറാക്കുകയും വാർഷിക മീറ്റിംഗിന്റെ പരിഗണനയ്ക്ക് കൊണ്ടുവരികയും ചെയ്യണം. സഭാ മണ്ഡലം, സഭാ കൗൺസിലിന്റെ ആലോചനയോടുകൂടി വിളിച്ച് കൂട്ടുവാൻ ആഗ്രഹിക്കുന്നു. ഇതിൽ എല്ലാവരും സഹകരിക്കണം. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് ആദിയായവ പരിഗണിക്കപ്പെടുന്നതോടൊപ്പം ഔദ്യോഗിക ഭാരവാഹികളുടെയും പുതിയ സഭാ കൗൺസിലിന്റെയും വൈദീക തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെയും തിരഞ്ഞെടുപ്പുകൾ കൂടി നടത്തപ്പെടേണ്ടതായിട്ടുണ്ട്. ഇവ ഭംഗിയായി ക്രമീകരിക്കപ്പെടുന്നതിന് ഏവരും പ്രാർത്ഥിക്കണം. സഭാ നാഥനായ കർത്താവ് നമ്മെ നയിക്കട്ടെ.

ഇന്ത്യയിൽ പുതിയ ഇൻഫർമേഷൻ ടെക്നോളജി (ഐ.റ്റി) നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയ പ്രസ്തുത നിയമങ്ങൾ അനേക വിമർശനങ്ങൾക്ക് ഇതിനോടകം തന്നെ വിധേയമായി. യു.എൻ. മനുഷ്യാവകാശ കൗൺസിലും, അനേക മനുഷ്യാവകാശ പ്രവർത്തകരും പ്രസ്തുത നിയമങ്ങൾക്കെതിരെ രംഗത്ത് വന്നു. വിമർശനങ്ങൾ പ്രധാനമായും ഗവൺമെന്റിന്റെ നയങ്ങളെ വിമർശിക്കുവാനും തിരുത്തുവാനുമുള്ള ജനങ്ങളുടെ അവകാശം സംബന്ധിച്ചുള്ളതാണ് എന്നത് ഏറെ ശ്രദ്ധേയമാണ്. ഭരണകൂടത്തിന്റെ താത്പര്യ സംരക്ഷകരായി മാത്രം മാധ്യമങ്ങൾ മാറുന്നത് ഒട്ടും അഭിലഷണീയമല്ല. നിയോ ക്യാപിറ്റലിസ്റ്റ് വ്യവസ്ഥിതിയുടെ മൂല്യങ്ങൾ പേറുന്ന സാമൂഹ്യ മാധ്യമങ്ങളുടെ ഇടപെടലുകളും അവയുടെ പെരുമാറ്റ രീതികളും ഏറെ വിമർശനവിധേയമാക്കേണ്ടതുണ്ട്. യൂട്യൂബിലൂടെ അശ്ലീല സംഭാഷണങ്ങൾ നടത്തി കോടീശ്വരരായ ദമ്പതികളെ തമിഴ്നാട് പോലീസ് അറസ്റ്റ് ചെയ്ത വാർത്ത ഈ അടുത്ത കാലത്ത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. യൂട്യൂബ് ചാനലുകൾ രജിസ്റ്റർ ചെയ്ത് വിവാദ വാർത്തകളും ലൈംഗിക ചുവയുള്ള കാര്യങ്ങളും പ്രചരിപ്പിച്ച് ആളുകളെ അതിന്റെ വരിക്കാരാക്കി പണം സമ്പാദിക്കുന്ന പ്രവണത ഏറിവരുന്നു. ഇത്തരം ഉദ്യമങ്ങൾ സാമൂഹ്യജീർണ്ണതയുടെ പ്രതീകങ്ങളാണ്. വാർത്തകളുടെ ഉപഭോക്താക്കളാകുന്നതിലൂടെ ജീർണ്ണതയുടെ സംസ്കാരത്തെ നാം അറിയാതെ പ്രോത്സാഹിപ്പിക്കുന്നു എന്നോർക്കുക.

സ്ക്കൂളുകളിലും കോളേജുകളിലും ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഒരു പുതിയ അദ്ധ്യയന വർഷം ആരംഭിച്ചു. വിശാലമായ ലോകത്തിലെ അനന്തസാധ്യതകളാണ് ഓൺലൈൻ വിദ്യാഭ്യാസം തുറക്കു

ന്നത്. എന്നാൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ പരിമിതമായ നിർദ്ധനരായ കുട്ടികളും നമുക്ക് ചുറ്റുമുണ്ട് എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. അവർ പുതിയ വിദ്യാഭ്യാസ പ്രക്രിയയിൽ ചിലപ്പോഴെങ്കിലും പുറംതള്ളപ്പെട്ടുപോകുന്നു എന്ന വാർത്ത വേദനാജനകമാണ്. അവരേയും കരുതുവാനും കൂടെ ചേർത്ത് നിർത്തുവാനും സഭയും പ്രാദേശിക ഇടവകകളും ബാദ്ധ്യസ്ഥരാണ്. എല്ലാ കുട്ടികൾക്കും വേണ്ട വിദ്യാഭ്യാസം ലഭിക്കുവാൻ ആവശ്യമായ വിഭവങ്ങൾ നമുക്കുണ്ട്. അതിന്റെ നീതിയുക്തമായ വിതരണം നടക്കുന്നതാണ് ദൈവഹിതം എന്ന തിരിച്ചറിവ് നമുക്കാവശ്യമാണ്. ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസോർഡറുകൾ, കേൾവിക്കുറവ് തുടങ്ങി ഭിന്നശേഷിയുള്ള കുട്ടികളും ഓൺലൈൻ വിദ്യാഭ്യാസത്തിൽ പുറംതള്ളി പോകാതിരിക്കുവാനുള്ള മുൻകരുതൽ ആവശ്യമാണ്. വെർച്ചൽ മീഡിയായിൽ സണ്ടേസ്ക്കൂൾ ക്ലാസ്സുകൾ നടത്തുവാൻ സമാജമായി നടത്തുന്ന എല്ലാ ക്രമീകരണങ്ങളും ശ്ലാഘനീയമാണ്. കേരള സംസ്ഥാന സർക്കാർ അവതരിപ്പിച്ച 2021–2022 ലെ ബഡ്ജറ്റിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മാർ ക്രിസോസ്റ്റം ചെയർ സ്ഥാപിക്കുവാനായി അമ്പത് ലക്ഷം രൂപ മാറ്റിവച്ചു എന്നത് നമ്മുടെ സഭയ്ക്ക് ഏറ്റം അഭിമാനകരമാണ്. മതങ്ങൾ തമ്മിലുള്ള സംവാദത്തിന് ഏറെ താത്പര്യം കാട്ടിയിരുന്ന വലിയ തിരുമേനിയുടെ പേരിലുള്ള ചെയർ വ്യത്യസ്ത മതദർശനങ്ങളിലെ മാനവികതയുടെ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഈ ചെയറിൽ കൂടെ നടക്കുന്ന പഠനങ്ങളും വിചിന്തനവും സമൂഹത്തിനാകമാനം പ്രയോജനകരമായിത്തീരട്ടെ എന്ന് നമുക്ക് ആശിക്കാം, പ്രാർത്ഥിക്കാം. കേരള സർക്കാരിനോട് നമ്മുടെ സഭയുടെ നാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

മദ്യാസക്തിപോലെ തന്നെ വർദ്ധിച്ച് വരുന്ന ഒരു സാമൂഹ്യ തിന്മയാണ് ഗാർഹിക പീഡനം. കോവിഡ് കാലഘട്ടത്തിലും കേരളത്തിൽ സ്ത്രീധനത്തിന്റെ പേരിൽ പീഢിപ്പിക്കപ്പെട്ടു എന്നാരോപിക്കപ്പെടുന്ന എത്രയോ സംഭവങ്ങൾ നടന്നു. 60 വർഷങ്ങൾക്കപ്പുറം നിയമം മൂലം നിരോധിക്കപ്പെട്ട സ്ത്രീധനത്തിന്റെ പേരിൽ ഇന്നും സ്ത്രീകൾ പീഢിപ്പിക്കപ്പെടുന്നു എന്നത് ഖേദകരമാണ്. സ്ത്രീധനമല്ല, സ്ത്രീ ഓഹരി നല്കുകയാണ് ആവശ്യം. ഒരാളുടെ ജീവന്റെ മേൽ മറ്റൊരാൾക്ക് അവകാശമില്ല. സ്ത്രീധനം മോഹിച്ച് വിവാഹം കഴിക്കുന്ന പുരുഷന്മാർ വിവാഹം എന്ന കൂദാശയെ സാമ്പത്തിക താല്പര്യങ്ങളുമായി കൂട്ടിക്കെട്ടി സ്ത്രീയുടെ ആളത്വത്തെ ലഘൂകരിച്ച് കാണുകയാണ്. സ്ത്രീധനം ചോദിച്ച് വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നവർ ഒരുപോലെ ഇത്തരം ഹീനകൃത്യത്തെ പ്രോത്സാഹിപ്പിക്കുന്നു. പുരുഷാധിപത്യത്തിന്റെ മൂല്യങ്ങളെ വെല്ലുവിളിക്കുന്ന വേദപുസ്തക ദർശനങ്ങളെ പങ്കിടുവാനും പ്രചരിപ്പിക്കാനുമുള്ള ബാധ്യത സഭകൾ ഏറ്റെടുത്തേ മതിയാകൂ. പ്രാദേശിക ഇടവകകൾ ഇത്തരം ദർശനങ്ങൾക്ക് പ്രചാരം നല്കുകയും വേണം. സഭയിൽ ലഭ്യമായ കൗൺസിലിംഗ് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഗാർഹിക പ്രശ്നങ്ങൾക്ക് പരിഹാരം ഒരു പരിധിവരെ കണ്ടെത്താവുന്നാണ്.

മലങ്കര സഭാതാരകയുടെ ചീഫ് എഡിറ്ററായ ഡോ. വൈ.റ്റി.വിനയരാജ് അച്ചൻ CISRS (Christian Institute for the Study of Religion and Society, Bangalore) ന്റെ ഡയറക്ടറായി നിയമിതനായതിൽ അച്ചനെ അഭിനന്ദിക്കുന്നു. അച്ചനിലൂടെ വൈദീക സെമിനാരിയുടെയും സഭാ താരകയുടെയും ശുശ്രൂഷകളിൽ ലഭിച്ചിട്ടുള്ള നേതൃത്വത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അച്ചനോടുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.ബ്രിട്ടണിലെ യുവസാമൂഹിക പ്രവർത്തകയായ അമിക ജോർജ്ജ് ബ്രിട്ടീഷ് രാജ്ഞിയുടെ ജന്മദിനത്തോടനുബന്ധിച്ച് നല്കുന്ന മെംബർ ഓഫ് ദി ഓർഡർ ഓഫ് ദി ബ്രിട്ടീഷ് എംപയർ (എം. ബി. ഇ) പുരസ്ക്കാരം നേടി. അമിക യു. കെ. സെന്റ് ജോൺസ് മാർത്തോമ്മാ ഇടവകാംഗമാണ്. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ജൂലൈ 4 –ാം തീയതി ഞായറാഴ്ച ദശാംശ സമർപ്പണ ഞായർ ആയി ആചരിക്കുകയും 'ക്രിസ്തീയ കാര്യവിചാരകത്വം' (ലൂക്കോസ് 19. 11–26) എന്ന വിഷയം സഭയായി ധ്യാനിക്കുകയും ചെയ്യുന്നു. ദൂരെ ദേശത്തേക്ക് യാത്ര പുറപ്പെടുന്ന മനുഷ്യൻ ഭരമേല്പിക്കുന്ന താലന്തുകൾ ഭൃത്യന്മാർ വ്യത്യസ്തരീതിയിലാണ് കൈകാര്യം ചെയ്യുന്നത്. രണ്ടുപേർ കഠിനാദ്ധ്വാനത്തിലൂടെ അവ ഇരട്ടിയാക്കുമ്പോൾ ഒരു വ്യക്തി അത് ഉപയോഗിക്കാതെ സൂക്ഷിക്കുകയും തിരികെ നൽകുകയും ചെയ്യുന്നു. അസ്ഥിരതയും പ്രതിസന്ധിയും നിലനിന്ന കാലത്ത് തങ്ങളുടെ വിഭവങ്ങൾ വിനിമയം ചെയ്യുന്നതിലൂടെ അവ വർദ്ധിപ്പിക്കുന്നു. നമ്മുടെ വിഭവങ്ങളും സർഗ്ഗശേഷിയും വിനിമയം ചെയ്യുന്നതിലൂടെയാണ് നാം ദൈവത്തിന്റെ കാര്യവിചാരകരാകുന്നത്. സമ്പത്ത് കൂട്ടിവെയ്ക്കപ്പെടേണ്ടതല്ല, കുഴിച്ച് മൂടപ്പെടേണ്ടതുമല്ല. എന്നാൽ സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി വിനിമയം ചെയ്യപ്പെടേണ്ടതും വിനിയോഗിക്കപ്പെടേണ്ടതുമാണ്. ദശാംശം നല്കുമ്പോൾ ദൈവത്തിന്റെ ദാനം ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി നാം സമർപ്പിക്കുകയാണ് സ്വമേധാദാനത്തിന്റെ നവമാതൃക നൽകിയ നവീകരണസഭയ്ക്കിന്ന് കാര്യവിചാരകത്വത്തിന്റെ പാതയിൽ മുന്നേറുവാൻ കഴിയണം.


ജൂലൈ 11–ാം തീയതി ഞായറാഴ്ച വൈദീക സമൂഹത്തെ ഓർത്ത് പ്രാർത്ഥിക്കുന്നതിന് വൈദീക ഞായർ ആയി വേർതിരിച്ചിരിക്കുന്നു. അന്നേദിവസം 'വൈദീകർ–ക്രിസ്താനുകരണത്തിനായി വിളിക്കപ്പെട്ടവർ' (യോഹ. 21. 15–19) എന്ന വിഷയമാണ് ധ്യാനിക്കുന്നത്. നിരാശരായി മടങ്ങിപ്പോയ ശിഷ്യരെ കാത്തുനിന്ന് അവർക്ക് പ്രാതൽ ഒരുക്കുന്ന ഉത്ഥിതനായ കർത്താവ്, അതിനെതുടർന്ന് പത്രോസുമായി വ്യക്തിപരമായി സംഭാഷണം നടത്തുന്നു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്ന ചോദ്യം പത്രോസിനെ ആഴമായി സ്പർശിച്ചു. യേശുവിനെ അനുഗമിക്കുവാനുള്ള കൽപനയും ആടുകളെ പാലിക്കുവാനുള്ള നിയോഗവും പത്രോസിന് യേശു നല്കുന്നു. വൈദീക ശുശ്രൂഷ സഭയുടെ നാഥനായ കർത്താവിനോടുള്ള ആഴമായ സ്നേഹത്തിലും സമ്പൂർണ്ണ സമർപ്പണത്തിലും അടിസ്ഥാനപ്പെട്ടതാണ്. യേശുവിനെ അനുഗമിക്കുക എന്നതാണ് ഒരു വൈദീകന്റെ ആത്യന്തികമായ ലക്ഷ്യം. പ്രത്യയശാസ്ത്ര ആഭിമുഖ്യങ്ങളോ, ആദർശങ്ങളോ ഒന്നും യേശുവിനോടുള്ള സമ്പൂർണ്ണ സമർപ്പണത്തിനു പകരം വെയ്ക്കാവുന്നതല്ല. ഈ കാലത്തിലെ സ്വാധീനങ്ങളെ അതിജീവിക്കുവാനും ഫലകരമായ ശുശ്രൂഷ നിർവ്വഹിക്കുവാനും സാധിക്കണമെങ്കിൽ പട്ടത്വ സമൂഹം അധികമായി ക്രിസ്തുവിന്റെ അനുകാരികളാകുന്നതിലൂടെ മാത്രമെ ഇടയാകുകയുള്ളു.

ജൂലൈ 18 –ാം തീയതിയിലെ ധ്യാന വിഷയം 'സാക്ഷ്യത്തിനായി ഒരുക്കപ്പെടേണ്ട ദൈവജനം' (മത്തായി 5. 13–16) എന്നതാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ ശിഷ്യർക്കും പുരുഷാരത്തിനും നൽകുന്നത് ഭൂമിയുടെ ഉപ്പ്, ലോകത്തിന് വെളിച്ചം എന്നീ ശ്രദ്ധേയമായ വിശേഷണങ്ങളാണ്. ദൈവജനം ആരായിരിക്കണം, എന്തായിരിക്കണം എന്നത് ഏറ്റവും ഭാവനാപൂർണ്ണമായി വിവരിക്കുന്നതാണ് ഈ രണ്ട് രൂപകങ്ങൾ. സാന്നിദ്ധ്യം കൊണ്ട് സാഹചര്യങ്ങളെ സമൂലം പരിവർത്തിപ്പിക്കുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും പുതുതാക്കുന്നതിനും ശേഷിയുള്ളതാണ് ഉപ്പും വെളിച്ചവും. അവ സ്ഥായിയായി പരിവർത്തിപ്പിക്കുന്നതും ജീർണ്ണതകളെയും അന്ധകാരാനുഭവങ്ങളെയും തടഞ്ഞുനിർത്തുന്നവയുമാണ്. ലോകത്തെ ദൈവരാജ്യാനുഭവത്തിലേക്ക് പരിവർത്തിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് ദൈവജനം. നിലവിളികളിൽ നിന്നും അകന്ന് നിന്നുള്ള ആത്മീയതയ്ക്കല്ല, ലോകത്തിന്റ അനുഭവങ്ങളെ ദൈവോന്മുഖമായി രൂപാന്തരപ്പെടുത്തുവാനാണ് നാം വിളിക്കിപ്പെട്ടിരിക്കുന്നത്. ദൈവജനത്തിന്റെ ധാർമ്മികതയും നിർമ്മലജീവിതവും അചഞ്ചലമായ ദൈവവിശ്വാസവും ലോകത്തിൽ ഒരു ദൈവിക സാന്നിദ്ധ്യമായി നിലകൊള്ളുവാൻ നമ്മെ പ്രാപ്തരാക്കും. ദൈവജനത്തിന്റെ സാക്ഷ്യജീവിത്തിലാണ് ലോകത്തിന്റെ പ്രതീക്ഷ നിലനിൽക്കുന്നത്.

ജൂലൈ 25 –ാം തീയതി ഞായറാഴ്ച മാർ യാക്കോബ് ശ്ലീഹാദിനമായി ആചരിക്കുകയും 'പൊതുപ്രയോജനത്തിനായി നൽകപ്പെട്ട പരിശുദ്ധാത്മ നൽവരങ്ങൾ' (യോഹന്നാൻ 20 . 19–23) എന്ന വിഷയം സഭ ധ്യാനിക്കുകയും ചെയ്യുന്നു. ഭയചകിതരായി കഴിഞ്ഞിരുന്ന ശിഷ്യരുടെ മദ്ധ്യത്തിൽ ഉയിർത്തെഴുന്നേറ്റ കർത്താവ് ആഗതനാകുന്നതാണ് വേദഭാഗം. ശിഷ്യസമൂഹത്തിന് പരിശുദ്ധാത്മദാനം നൽകി അവരെ ദൈവീക നിയോഗത്തിനായി കർത്താവ് ലോകത്തിലേക്ക് അയയ്ക്കുന്നു. ശിഷ്യസമൂഹത്തിന് പരിശുദ്ധാത്മ ദാനം നൽകപ്പെടുന്നത് ലോകത്തിലുള്ള ശുശ്രൂഷയ്ക്ക് വേണ്ടി അവരെ സജ്ജരാക്കുവാനാണ്. ലോകത്തിന്റെ സൗഖ്യത്തിനും വിമോചനത്തിനും വേണ്ടി പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് അധികാരവും നിയോഗവും ശിഷ്യസമൂഹത്തിന് നല്കുന്നു. യേശുവിന്റെ ശിഷ്യന്മാർ എന്നതിൽ നിന്നും സഭ എന്ന അനുഭവത്തിലേക്കുള്ള വളർച്ച സാദ്ധ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെയാണ്. ലോകത്തിന്റെ വേദനകളിൽ പങ്ക് ചേരുവാനും ധീരതയോടെ ലോകത്തിന്റെ തകർച്ചകളിൽ ഇടപെടുവാനും സൗഖ്യത്തിന്റെയും പ്രതീക്ഷയുടെയും സാന്നിദ്ധ്യമാകുവാനും സഭയ്ക്ക് കഴിയണം. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

പട്ടത്വ ശുശ്രൂഷയിൽ ഒരു വർഷം കൂടി പൂർത്തീകരിക്കുവാൻ ദൈവം കൃപചെയ്തു. നിയോഗ വഴികളിൽ പിന്നിട്ട 49 സംവത്സരങ്ങൾ അളവറ്റ ദൈവകൃപയുടെ അവസരങ്ങളായിരുന്നു. മേല്പ്പട്ടക്കാർ, പട്ടക്കാർ, ആത്മായർ എല്ലാവരിൽ നിന്നും ലഭിച്ച പ്രാർത്ഥനയ്ക്കായി, കരുതലിനായി ദൈവത്തെ സ്തുതിക്കുന്നു. ഏവരുടെയും പ്രാർത്ഥന തുടർന്നും ആവശ്യപ്പെടുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

പൂലാത്തീൻ
26.06.2021